പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4701 — 05/02/2014-ലെ മറുപടിക്ക്

## ക്ഷീര സംഘങ്ങളുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. പി. എ. മാധവൻ: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരസംഘങ്ങളെ ശക്തിപ്പെടുത്താനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ, വിശദമാക്കാമോ ;<br>(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്. ; | (എ) & (ബി) ഉണ്ട്. ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും നവീകരിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ക്ഷീരവികസന വകുപ്പ് "ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് നടപ്പുവർഷം 14.90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പാൽ സംഭരണ മുറി, സ്റ്റോറേജ് റൂം എന്നിവയുടെ നിർമ്മാണത്തിനും നവീകരണത്തിനും ധനസഹായം, പുതുതായി രൂപീകരിക്കുന്ന സംഘങ്ങൾക്ക് പ്രവർത്തന ധനസഹായം, പ്രവർത്തന രഹിതമായ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് ധനസഹായം, ആവശ്യാധിഷ്ഠിത ധനസഹായം, ക്ഷീരസഹകരണ സംഘങ്ങൾക്ക് മിൽക്ക് പ്രോസ്സസ്സിംഗ്/ ചില്ലിംഗ്/പാക്കിംഗ്/ കാറ്റിൽഫീഡ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും ധനസഹായം, ഇപ്രകാരമുള്ള യൂണിറ്റുകൾക്കും സംഘങ്ങൾക്കും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള ധനസഹായം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ റൂം, ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ധനസഹായം, മിൽമയുടെ പാൽ സംഭരണ റൂട്ടിലേയ്ക്ക് പാൽ എത്തിക്കുന്നതിന് ധനസഹായം, തുടങ്ങിയവ അനുവദിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്ക് പെൻഷൻ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരിൽ കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വം നേടിയവരും ക്ഷേമനിധി നിയമപ്രകാരം നിശ്ചിത യോഗ്യതയുള്ളവരുമായ എല്ലാ ക്ഷീകർഷകർക്കും പെൻഷൻ നൽകുന്ന പദ്ധതി നിലവിലുണ്ട്. |
| (ഡി) | പെൻഷൻ തുക കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | ഇല്ല. കേരള ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്നും നൽകിവന്നിരുന്ന പെൻഷൻ തുക 20-07-2013 ലെ G.O.(Ms) No.238/13/AD നമ്പർ ഉത്തരവ് പ്രകാരം പ്രതിമാസം 300/- രൂപ എന്നതിൽ നിന്നും 500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ